DESPATCHED
On 24/5/22

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2561614, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**AP.No.433 (1)/2021/SIC തീർപ്പു കല്പ്പിച്ചു കൊണ്ടുള്ള നടപടിക്രമം**
**File No. 4630/SIC-G4/2021)**
**സന്നിഹിതൻ**

ഡോ.വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ
തീയതി : 2022 മേയ് 18

ശ്രീ. പി. സി. അബ്ദുൽ ലത്തീഫ്,
ഫ്രീലാൻസ് ജേണലിസ്റ്റ്,
14/286, റജബ്, വെസ്റ്റ് കല്ലായി,
കോഴിക്കോട് – 673 003. — അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &,
   ഹെൽത്ത് സൂപ്പർവൈസർ,
   കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ,
   കോഴിക്കോട്
2. അപ്പീൽ അധികാരി &,
   കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ,
   കോഴിക്കോട്

— എതിർകക്ഷികൾ

## അന്തിമ ഉത്തരവ്

മേൽ അപ്പീൽ ഹർജിയിൽ 4.8.2021–ന് കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷി ശ്രീ. ബാബു ഇ. കമ്മീഷനിൽ ലഭ്യമാക്കിയ വിശദീകരണത്തിൽ ബോധിപ്പിച്ചത്, താൻ മുനിസിപ്പൽ കോർപ്പറേഷനിൽ ജനന മരണ വിവാഹ സബ് രജിസ്ട്രാർ ആയും, ആരോഗ്യ വിഭാഗം പ്രൊജക്ട് സെൽ ഹെൽത്ത് ഇൻസ്പെക്ടറുടെയും ചുമതല വഹിച്ചു വന്ന സമയത്ത് എസ്.പി.ഐ.ഒ. ആയിരുന്ന ഹെൽത്ത് സൂപ്പർവൈസർ ലീവായതിനാൽ ടിയാന്റെ അധികചുമതല വഹിച്ചു വന്ന ദിവസം 13.8.2021–നാണ് തന്റെ വശം ഈ അപേക്ഷയ്ക്ക് തയ്യാറാക്കിയ മറുപടി ലഭിച്ചതെന്നും ആയത് ലഭിച്ച ഉടനെ കാലാവധി കഴിഞ്ഞിട്ടുണ്ടെന്നും അടിയന്തിരമായി അയക്കണമെന്നും സെക്ഷനിൽ നിന്നും അറിയിച്ചത് പ്രകാരമാണ് ടി മറുപടിയിൽ ഒപ്പു വച്ചതെന്നും ഇക്കാര്യത്തിൽ വിവരാവകാശ നിയമത്തിന്റെ അന്ത:സത്തയ്ക്ക് എതിരായോ അപേക്ഷകനെ ബുദ്ധിമുട്ടിക്കുന്ന തരത്തിലോ, ബോധപൂർവ്വമോ ഒന്നും തന്നെ ചെയ്തിട്ടില്ലെന്നും ഈ ഫയൽ കൈകാര്യം ചെയ്തിരുന്ന ക്ലാർക്ക് മാസങ്ങളോളം ലീവിൽ ആയിരുന്നതിനാലും, കോവിഡ് പ്രതിരോധ പ്രവർത്തനത്തിൽ പങ്കാളിയായതിനാലുമാണ് 4 ദിവസം വൈകി മറുപടി നൽകാൻ ഇടയായതെന്നും, കമ്മീഷന്റെ ഉത്തരവ് പ്രകാരം അപേക്ഷകൻ ആവശ്യപ്പെട്ട മുഴുവൻ വിവരങ്ങളും തയ്യാറാക്കി ഹർജിക്കാരന് നേരിട്ട് നൽകിയിട്ടുണ്ടെന്നും ആയതിനാൽ വിവിധ ജോലികൾക്കിടയിൽ ഒരു ദിവസം എസ്.പി.ഐ.ഒ.യുടെ ചുമതലയുണ്ടായിരുന്ന ഹെൽത്ത് സൂപ്പർവൈസറുടെ അധികചുമതല വഹിച്ചപ്പോൾ ബോധപൂർവ്വം അല്ലാതെ ഉണ്ടായ കുറ്റം മാപ്പാക്കി തന്നെ ശിക്ഷാനടപടികളിൽ നിന്നും കുറ്റവിമുക്തനാക്കണമെന്നുമാണ്. ടി വിശദീകരണം വസ്തുതാപരമാണെന്ന്

RIGHT TO INFORMATION

shi

കാണുന്നതിനാൽ ടിയാനെതിരെ ശിക്ഷാനടപടി സ്വീകരിക്കുവാനുള്ള താത്ക്കാലിക തീരുമാനം കമ്മീഷൻ അവസാനിപ്പിക്കുന്നു.

2. ഹർജിക്കാരന്റെ ഒന്നാം അപ്പീൽ സമയബന്ധിതമായി തീർപ്പാക്കാത്തതുമായി ബന്ധപ്പെട്ട് രണ്ടാം എതിർകക്ഷി കമ്മീഷനിൽ ലഭ്യമാക്കിയ വിശദീകരണത്തിൽ ബോധിപ്പിച്ചത്, ഹർജിക്കാരന്റെ അപ്പീൽ അപേക്ഷ, വിവരാവകാശ അപേക്ഷ കൈകാര്യം ചെയ്തിരുന്ന എഫ്-14 സെക്ഷൻ ക്ലാർക്ക് 2020 മാർച്ച് 22 മുതൽ അനധികൃത അവധിയിൽ തുടരുകയാണെന്നും ഹർജിക്കാരൻ 23.1.2021-ന് ഡെപ്യൂട്ടി മേയറെ കണ്ട് പരാതി ഉന്നയിച്ചപ്പോഴാണ് മേൽ വിവരാവകാശ അപേക്ഷ ശ്രദ്ധയിൽ വരുന്നതെന്നും ശ്രദ്ധയിൽപ്പെട്ട ഉടൻതന്നെ അപേക്ഷ പുതുതായി സെക്ഷനിൽ ചാർജ്ജെടുത്ത ക്ലാർക്കിനെ ഏൽപ്പിക്കുകയും തുടർന്ന് 6.2.2021-ന് ഹർജിക്കാരന് മറുപടി നൽകുകയും ചെയ്തിട്ടുള്ളതാണെന്നുമാണ്. ടി വിശദീകരണം വസ്തുതാപരമാണെന്ന് കണ്ട് ആയത് കമ്മീഷൻ അംഗീകരിക്കുന്നു.

3. കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി 29.1.2022-ന് എഫ്14/65854/2018 നമ്പരായി കമ്മീഷനിൽ ഹാജരാക്കിയ റിപ്പോർട്ടിൽ ശ്രീ. അബ്ദുൾ ലത്തീഫ് പി.സി. എന്നവർ വിവരാവകാശ അപേക്ഷ നൽകിയ കാലയളവിൽ (09.7.20 മുതൽ 12.8.2020) എസ്.പി.ഐ.ഒ.യുടെ ചുമതല റിട്ട. ഹെൽത്ത് സൂപ്പർവൈസർ ശ്രീ. ശിവദാസൻ കെ എന്നവർക്കായിരുന്നുവെന്നും കമ്മീഷൻ നിർദ്ദേശപ്രകാരം ടി വിഷയവുമായി ബന്ധപ്പെട്ട് കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥ ശ്രീമതി ഷർമിള ടി.കെ.യ്ക്കെതിരെ മെമ്മോ നൽകി ശിക്ഷാനടപടി സ്വീകരിച്ചു വരികയാണെന്നുമാണ്.

4. റിട്ട. ഹെൽത്ത് സൂപ്പർവൈസർ ശ്രീ. ശിവദാസൻ കെ., കമ്മീഷനിൽ ഹാജരാക്കിയ വിശദീകരണത്തിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ വിവരാവകാശ അപേക്ഷ സമർപ്പിച്ച കാലയളവിൽ കോർപ്പറേഷനിലെ 75 വാർഡുകളിലും കോവിഡ് മഹാമാരിയുടെ വ്യാപനം ശക്തി പ്രാപിച്ചതിനാൽ പ്രതിരോധ പ്രവർത്തനങ്ങൾക്കും കോവിഡ് മൂലം മരണമടഞ്ഞവരുടെ പ്രോട്ടോകോൾ പാലിച്ചുകൊണ്ടുള്ള ശവസംസ്കാരം സംബന്ധിച്ചും, മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ സംബന്ധിച്ചും ഇതര സംസ്ഥാന തൊഴിലാളികളുടെ ക്ഷേമം, മഴക്കാല രോഗപ്രതിരോധ പ്രവർത്തനങ്ങൾ, പ്രളയദുരിതാശ്വാസ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ചും വിശ്രമരഹിതമായി രാത്രികാലങ്ങൾ ഉൾപ്പെടെ ഫീൽഡ് തലത്തിൽ പ്രവർത്തനങ്ങൾ നടത്തിവന്നിരുന്ന സമയത്താണ് ടി അപേക്ഷ ലഭ്യമായിട്ടുള്ളതെന്നും കൂടാതെ തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിന്റെ ഭാഗമായി കോവിഡ് രോഗികൾക്കും ക്വാറന്റൈയിനിൽ ഉള്ളവർക്കും, വോട്ട് ലിസ്റ്റ് തയ്യാറാക്കുന്ന പ്രവൃത്തിക്കും നേതൃത്വം വഹിക്കേണ്ടിവന്നു എന്നും ഫീൽഡ് തല ജോലികൾക്ക് കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടി വന്നതിനാൽ ഓഫീസ് ഫയലുകളും വിവരാവകാശ ഫയലുകളും സമയബന്ധിതമായി പരിശോധിച്ച് മറുപടി തയ്യാറാക്കുന്ന ബന്ധപ്പെട്ട സെക്ഷനുകളിൽ കോവിഡ് വ്യാപനം രൂക്ഷമായതിനാൽ ജീവനക്കാരുടെ എണ്ണം ഓഫീസിൽ ക്രമാതീതമായി കുറയുകയും ഭൂരിപക്ഷം ജീവനക്കാരും കോവിഡ് പശ്ചാത്തലത്തിൽ ലീവ് ആയതിനാലുമാണ് ലഭ്യമായ വിവരങ്ങൾ വെച്ച് 13.8.2021-ന് അപേക്ഷകന് മറുപടി നൽകിയിരുന്നതെന്നും ഇക്കാര്യത്തിൽ വിവരാവകാശ നിയമത്തിന്റെ അന്തഃസത്തക്ക് എതിരായോ, അപേക്ഷകനെ ബുദ്ധിമുട്ടിക്കുന്ന തരത്തിലോ ബോധപൂർവ്വമായോ ഒന്നും പ്രവർത്തിച്ചിട്ടില്ലെന്നുമാണ്. ടി വിശദീകരണം വസ്തുതാപരമാണെന്ന് കണ്ട് ആയത് കമ്മീഷൻ അംഗീകരിക്കുന്നു.

RIGHT TO INFORMATION

5. ശ്രീ.പി.സി. അബ്ദുൾ ലത്തീഫിന്റെ 13.12.2021-ലെ അപേക്ഷയിൽ ഹർജിക്കാരന് നഷ്ടപരിഹാരം നൽകണമെന്ന ആവശ്യത്തിലും, കമ്മീഷൻ ഉത്തരവിലെ 7-ാം ഖണ്ഡികയിലെ നിർദ്ദേശ പ്രകാരം സ്വീകരിച്ച നടപടി വിവരം ലഭ്യമാക്കാനുള്ള 12.1.2022-ലെ കമ്മീഷൻ നിർദ്ദേശങ്ങളിന്മേൽ കോർപ്പറേഷൻ സെക്രട്ടറി ലഭ്യമാക്കിയ 29.1.2022-ലെ എഫ്14/6584/2018 നമ്പർ റിപ്പോർട്ടിൽ പ്രസ്താവിച്ചത്, കമ്മീഷൻ 4.8.2021-ലെ 4630/എസ്.ഐ.സി-ജി4/2021 നമ്പർ ഉത്തരവിലെ 7-ാം ഖണ്ഡിക പ്രകാരം നിർദ്ദേശിച്ച നടപടിക്രമങ്ങളുടെ ഭാഗമായി ശ്രീ. അബ്ദുൾ ലത്തീഫ് പി.സി. എന്നവർ 9.7.2020-ന് സമർപ്പിച്ച അപേക്ഷയുടെ മറുപടിയിൽ ആവശ്യപ്പെട്ട രേഖകൾ സൗജന്യമായി ടിയാന് നൽകിയിട്ടുള്ളതാണെന്നും കോവിഡ് മഹാമാരിയുടെ വ്യാപനം ശക്തി പ്രാപിച്ചതിനാൽ ബന്ധപ്പെട്ട പ്രതിരോധ പ്രവർത്തനങ്ങളും കൂടാതെ തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിന്റെ ഭാഗമായി കോവിഡ് രോഗികൾക്കും, ക്വാറന്റൈയിനിൽ ഉള്ളവർക്കും വോട്ട് ലിസ്റ്റ് തയ്യാറാക്കുന്ന പ്രവർത്തനങ്ങളും നടത്തിവരുന്ന സമയത്താണ് ടി അപേക്ഷ ലഭ്യമായിട്ടുള്ളതെന്നും കോവിഡ് വ്യാപനം രൂക്ഷമായതിനാൽ ജീവനക്കാരുടെ എണ്ണം ക്രമാതീതമായി കുറയുകയും ഭൂരിപക്ഷം ജീവനക്കാരും കോവിഡ് പശ്ചാത്തലത്തിൽ ലീവ് ആയതിനാലുമാണ് 13.8.2020-ന് അപേക്ഷകന് മറുപടി നൽകിയിരുന്നതെന്നും ഇക്കാര്യത്തിൽ വിവരാവകാശ നിയമത്തിന്റെ അന്തസത്തയ്ക്ക് എതിരായോ, അപേക്ഷകനെ ബുദ്ധിമുട്ടിക്കുന്ന തരത്തിലോ ബോധപൂർവ്വമായോ ഒന്നും തന്നെ പ്രവർത്തിച്ചിട്ടില്ലെന്നും ആയതിനാൽ ബോധപൂർവ്വമായ വീഴ്ച ഇക്കാര്യത്തിൽ എതിർകക്ഷികളുടെ ഭാഗത്ത് നിന്നും ഉണ്ടായിട്ടില്ലാത്തതിനാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട നഷ്ടപരിഹാരം അനുവദിക്കേണ്ടതില്ലെന്നുമാണ്.

6. കോവിഡ് മഹാമാരിയുടെ വ്യാപനം ശക്തിപ്രാപിച്ച സാഹചര്യത്തിൽ പ്രതിരോധ പ്രവർത്തനങ്ങളിലും മറ്റും കൂടുതൽ ജാഗ്രത പുലർത്തേണ്ടി വന്ന സാഹചര്യത്തിലാണ് എതിർകക്ഷിയുടെ ഭാഗത്ത് വിവരാവകാശ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകുന്നതിൽ വീഴ്ച സംഭവിച്ചിട്ടുള്ളതെന്നതും, പിന്നീട് ഹർജിക്കാരന് സൗജന്യമായി രേഖകൾ നൽകിയിട്ടുള്ളത് പരിഗണിച്ചും എതിർകക്ഷികൾ ലഭ്യമാക്കിയ റിപ്പോർട്ടുകളും വിശദീകരണവും വസ്തുതാപരമാണെന്ന് കണ്ടും ആയത് അംഗീകരിച്ച്, മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജിയിലെ നടപടികൾ അവസാനിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് ഇന്നേ ദിവസം 2022 മേയ് 18-ാം തീയതി കമ്മീഷൻ പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ.വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

RIGHT TO INFORMATION

Shi